മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെ ജലശുദ്ധീകരണ ശാല

56 (1967) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെ ജലശുദ്ധീകരണ ശാല ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സംസ്ഥാനത്തിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് മലിനജല സംസ്ക്കരണ ശാല സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത് ; ഇതു സാദ്ധ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെ ജലശുദ്ധീകരണശാല ആരംഭിക്കുന്നതിന് പദ്ധതിയൊന്നും ഇല്ല. എന്നാൽ മലേഷ്യൻ-ബ്രിട്ടീഷ് കമ്പനിയായ "ബൈ വാട്ടർ-ഫർത്താസുമ" ആഗ്മെന്റേഷൻ ഓഫ് കൊച്ചിൻ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ' എന്ന പേരിൽ ഒരു പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും അത് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, വാട്ടർ അതോറിറ്റി എന്നിവയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ടിൽ പ്രസ്തുത പദ്ധതി 'ബിൽഡ് ഓൺ ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ' (ബൂട്ട്) വ്യവസ്ഥയിൽ നിർമ്മിച്ച് കൈമാറാനാണ് വിഭാവന ചെയ്തിട്ടുള്ളത് ഇതിനുവേണ്ടി "ബൈ വാട്ടർ-ഫർത്താസുമ" ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് 60% ഓഹരി എടുക്കുമെന്നും ബാക്കി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിസ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവ വഹിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഉദ്ദേശം 22 വർഷം പദ്ധതി കമ്പനിയുടെ ചുമതലയിലായിരിക്കും. അതിനുശേഷം പദ്ധതി ബന്ധപ്പെട്ട അതോറിറ്റിക്ക് കൈമാറുന്നതാണ്. ഈ പ്രാഥമിക റിപ്പോർട്ടിന്മേൽ കൂടുതൽ പരിശോധന ആവശ്യമാണ്. ഇതേ പ്രോജക്ടിനെക്കുറിച്ച് മറ്റു ചില ഏജൻസികളും ചർച്ചക്കായി സമീപിച്ചിട്ടുണ്ട്.

(സി) മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടെ മലിനജല സംസ്ക്കരണ ശാല സ്ഥാപിക്കുവാൻ പരിപാടി ആവിഷ്ക്കരിച്ചിട്ടില്ല എന്നാൽ തിരുവനന്തപുരം നഗരത്തിലേയും, കൊല്ലം മുനിസിപ്പാലിറ്റിയിലേയും മലിനജല നിർമ്മാർജന പദ്ധതികളിൽ മലിനജല സംസ്ക്കരണശാല സ്ഥാപിക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭനടപടിയും ആരംഭിച്ചിട്ടേയുള്ളൂ. ഇരുപതു വർഷമായി പണിമുടങ്ങിക്കിടക്കുന്ന ഗുരുവായൂർ സ്വീവറേജ് പദ്ധതിയുടെ മലിന ജല സംസ്ക്കരണ ശാലയുടെ പണിയും

LIBRARY ARCHIVES Kerala Legislative Assembly

പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി സ്വീവറേജ് പദ്ധതിയിൽ 4.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു മലിനജലം സംസ്ക്കരണശാല പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് സ്വീവറേജ് പദ്ധതിയിൽ മലിനജല സംസ്ക്കരണ ശാല വിഭാവന ചെയ്തിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

യൂറോപ്യൻ സാമ്പത്തികസഹായത്തോടെ ജലസേചന പദ്ധതി

57 (1968) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂറോപ്യൻ സഹായത്തോടെ എത്ര ജലസേചന പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ഇവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും നടപ്പു സാമ്പത്തികവർഷം എത്രയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(സി) നാളിതുവരെ ഇവയ്ക്കോരോന്നിനും എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) ഇവയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ, ബി & സി) സംസ്ഥാനത്ത് നാളിതുവരെ 227 ജലസേചന പദ്ധതികളാണ് യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നത്. വിശദവിവരം അനുബന്ധം-1 ആയി† ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുകയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള 8 കോടി രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്. നാളിതുവരെ ഇവയ്ക്കോരോന്നിനും ചെലവാക്കിയ തുകയും വർഷം തിരിച്ച് ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ച 227 പണികളിൽ 131 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ 2000 മാണ്ട് ജൂൺ മാസത്തിന് മുൻപ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം-2 ആയി† ചേർത്തിരിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ പണികളും ത്വരിതഗതിയിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്.

---

†അനുബന്ധം VI (a, b)

LIBRARY ARCHIVES Kerala Legislative Assembly